ണ്ട്. ഈ ഉത്തരവ് റദ്ദുചെയ്യണമെന്ന് പല സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല. 25-4-1990-ൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച വിജ്ഞാപനത്തെ ചില തൊഴിൽ ഉടമകൾ ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും അതിലെ അന്തിമ വിധി വരുവാൻ 18-6-1996 വരെ താമസിക്കുകയും അതിലെ ഉത്തരവ് ഉൾക്കൊള്ളിച്ചുകൊണ്ട് വേതനം പുതുക്കുന്നതിന് കാലതാമസം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ അഞ്ചുവർഷത്തിനുള്ളിൽ പുതുക്കുവാൻ കഴിഞ്ഞില്ല.

(സി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസ് നോട്ടിഫിക്കേഷൻ രീതിയിൽ പുതുക്കുന്നതിന് പ്രാഥമികവിജ്ഞാപനം 1964/ഇ1/96/തൊഴിൽ തീയതി, 10-5-1999 എന്ന നമ്പരിൽ 19-5-1999-ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. രണ്ടുമാസം കഴിയുമ്പോൾ അതുവരെ കിട്ടിയ പരാതികൾ പരിശോധിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നു.

12 (*242) സ്വാഭാവിക ജലസ്രോതസ്സുകൾ

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്.ജോൺ :
ശ്രീ. പി.സി. ജോർജ് :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാഭാവിക ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഭൂഗർഭജല സംഭരണശേഷി വർദ്ധിപ്പിക്കുവാനും സംരക്ഷിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഉറവകളും കുളങ്ങളും തോടുകളും സംരക്ഷിച്ചു നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തോടുകളും കുളങ്ങളും നികത്തുന്നതു തടയുവാൻ നിയമം കൊണ്ടുവരുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി, ജലസേചന വകുപ്പ്, 'ജലധാരാ പദ്ധതി', 'മലയോര ജല സംഭരണ പദ്ധതി', 'ജല വാഹിനി പദ്ധതി'-എന്നിവ നടപ്പാക്കി വരുന്നു.

ജലധാരാ പദ്ധതി:

കുളങ്ങളുടെ പുനരുദ്ധാരണവും ബണ്ടുകളുടെ നിർമ്മാണവും ഉൾപ്പെടെയുള്ള എം.ഐ.ക്ലാസ് 2 വിഭാഗത്തിൽപെടുന്ന പണികൾ നടപ്പാക്കുന്നു.

മലയോര ജല സംഭരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

മലയോര മേഖലയിൽ ലഭ്യമായ ജലസ്രോതസ്സുകളിൽ ചെറുസംഭരണികൾ നിർമ്മിച്ച്, ജലം സംഭരിച്ച് ഉപയോഗയുക്തമാക്കുന്നു. ഈ പദ്ധതിയിൽ 4 ലക്ഷം രൂപവരെയുള്ള പണികൾ ഏറ്റെടുത്ത് നടപ്പാക്കുന്നു.

ജലവാഹിനി പദ്ധതി

ജലസേചനത്തിനുതകുന്ന കുളങ്ങളുടെ പുനരുദ്ധാരണം, റിവർ ബേസിൻ പദ്ധതികൾ, ലാന്റ് റിക്ലമേഷൻ പദ്ധതികൾ എന്നിവയാണ് ഈ പദ്ധതിയിൻ കീഴിൽ ചെയ്തുവരുന്ന പണികൾ

ഇതുകൂടാതെ, നദികളിൽ ഉപ്പുവെള്ളം കലരുന്നത് തടയുന്നതിന് തടയണകൾ നിർമ്മിക്കേണ്ട സ്ഥാനം, കേരള വാട്ടർ അതോറിറ്റി നിർണ്ണയിക്കുകയും സാധാരണയായി ജലസേചന വകുപ്പു പണികഴിപ്പിക്കുകയും ചെയ്യുന്നു. വെള്ളായണി കായൽ സംരക്ഷിക്കുന്നതിനുവേണ്ടി 10 കോടി രൂപ ചെലവു കണക്കാക്കി ഒരു പദ്ധതി, വാട്ടർ അതോറിറ്റി ആവിഷ്കരിച്ചിട്ടുമുണ്ട്.

(ബി) നദികളിൽ തടയണകൾ നിർമ്മിച്ച്, ഉപരിതല ജലശേഖരണവും ഭൂഗർഭ ജലസംഭരണ ശേഷിയും വർദ്ധിപ്പിക്കുവാൻ കഴിയും. വാട്ടർ അതോറിറ്റിയും ജലസേചനവകുപ്പും കൂടി സംയുക്തമായി പരിശോധന നടത്തി, സ്ഥാന നിർണ്ണയം ചെയ്ത് പണി ജലസേചന വകുപ്പ് ഏറ്റെടുത്തു നടപ്പാക്കുന്നു. കൂടാതെ, ഒഴുകിപ്പോകുന്ന ഭൂജലത്തെ തടഞ്ഞുനിർത്തി ഭൂജല സംഭരണ ശേഷി വർദ്ധിപ്പിക്കുന്ന തടയണകൾ, കേന്ദ്ര ഭൂജല ബോർഡും സംസ്ഥാന ഭൂജല വകുപ്പും ചേർന്നു നിർമ്മിച്ചുവരുന്നു.

ഭൂജലം സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത നിയമത്തിന്റെ കരടുബിൽ ആയിട്ടുണ്ട്.

(സി) കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പുമുഖേന നടപ്പാക്കുന്നുണ്ട്. ഉറവകളെ സംരക്ഷിക്കുന്നതിന് മലയോര ജലസംഭരണ പദ്ധതി മുഖാന്തിരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) തോടുകളും കുളങ്ങളും നികത്തുന്നതു തടയേണ്ടതു അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ നിയമം കൊണ്ടുവരുന്ന കാര്യം ഉൾപ്പെടെയുള്ളവ പരിശോധിക്കാവുന്നതാണ്.

13 (*243) മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ഡോക്ടർ എം.എ. കുട്ടപ്പൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ഓരോന്നും വഴി മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

(ബി) സമാന സ്വഭാവമുള്ള ആനുകൂല്യങ്ങൾ ഇവ ഓരോന്നും നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly